"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ ഉൾപ്പെട്ട 6 കുടുംബങ്ങൾ താമസിക്കുന്ന ലക്ഷം വീട് കോളനിയിലെ വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.353/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/02/2020

---

പരാമർശം:- 1 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22/10/2019ലെ കത്ത്.

2 06/12/2019ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.48 നമ്പർ തീരുമാനം.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ ഉൾപ്പെട്ട 6 കുടുംബങ്ങൾ താമസിക്കുന്ന ലക്ഷം വീട് കോളനിയിലെ വീടുകൾ താമസയോഗ്യമല്ലാത്തതിനാൽ ഇവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകാൻ ആവശ്യമായ തനത് ഫണ്ട് പഞ്ചായത്തിനുള്ളതിനാൽ ഈ തുക ഉപയോഗിച്ച് വീട് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്ന കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരാമർശം ഒന്ന് കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ പ്രോജക്ട് നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. ലൈഫ് മിഷൻ വീടുകൾക്ക് പണം നൽകി എന്ന് ഉറപ്പാക്കണം

പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം.

ജില്ലാപ്ലാനിംഗ് ഓഫീസർ, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ